LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെൻട്രൽ ജയിൽ വിയ്യൂർ, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ സ്പെഷ്യൽ സബ് ജയിലുകൾ എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ജയിലുകളിലുമാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരെ മർദ്ദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആലപ്പുഴ ജില്ലാ ജയിലിൽ വിചാരണ തടവുകാരനായ യു.ടി.നമ്പർ 7033 അജേഷ് എന്ന പ്രതിയെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ. കെ. വിനോദ് കുമാർ, ശ്രീ. പി. രതീഷ്, ശ്രീ. സെബാസ്റ്റ്യൻ.പി.എക്സ് എന്നിവരെ സ്ഥലംമാറ്റിയിട്ടുണ്ട്.

കൊല്ലം ജില്ലാ ജയിലിൽ തടവുകാരനെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ യു.ടി. 2382 രാജേഷ്, യു.ടി. 2385 ഗിരീഷ് കുമാർ എന്നീ തടവുകാരെ മർദ്ദിച്ചതായുള്ള പരാതിൻമേൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

തടവുകാരോടുള്ള വർഗ്ഗീയ പീഡനം

266 (3900) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിനുള്ളിൽ ജയിലധികൃതർ തടവുകാരോട് വർഗ്ഗീയമായി പെരുമാറുന്നത് സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ നിരീക്ഷണം നടത്തിയിട്ടുള്ളതായി അറിയുമോ ;

(ബി) ഇപ്രകാരം വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കാനുള്ള ശ്രമങ്ങളെ ആരംഭത്തിൽ തന്നെ ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിലുള്ള നടപടി ശ്രദ്ധയിൽപ്പെട്ടാൽ ആരംഭത്തിൽ തന്നെ ഇല്ലാതാക്കുവാനുള്ള യുക്തമായ നടപടി സ്വീകരിക്കും.

മരം ലേലം

267 (3901) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും. ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ മരം ലേലം ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നു ; പ്രസ്തുത സംവിധാനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ പരിഷ്കരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സംവിധാനം വീട്ടാവശ്യങ്ങൾക്കും മറ്റും മരം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനുകീഴിലെ തടി ഡിപ്പോകളിലെ ലേലം മുൻപിനാലെ സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും തീയതികളും അനുസരിച്ചാണ് തടിയും, മറ്റ് വനവിഭവങ്ങളും ലേലം ചെയ്യുന്നത്. ടി നടപടിക്രമത്തിൽ മാറ്റങ്ങളൊന്നും ഇല്ല.

തടി ഡിപ്പോകളിൽ ദർഘാസ്/ലേലം നടത്തുമ്പോൾ ലേലത്തിൽ നിയമാനുസരണം പങ്കെടുക്കുവാൻ അനുവദിക്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച് ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും തുടർന്ന് ദർഘാസ് തുറക്കുകയും ചെയ്യുകയാണ് മുൻപത്തെ നടപടി ക്രമം.

LIBRARY ARCHIVES Kerala Legislative Assembly